**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2373** **07-07-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ട റവന്യൂ കമ്മി ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ട റവന്യൂ കമ്മി ഗ്രാന്റിൽ ഈ വർഷവും വരുന്ന രണ്ട് വർഷങ്ങളിലുമായി ഉണ്ടാകാൻ പോകുന്ന കുറവ് എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ; | (എ) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ പോസ്റ്റ് ഡവലൃൂഷൻ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി 2021-22-ൽ 19,891 കോടി രൂപയും 2022-23-ൽ 13,174 കോടി രൂപയും 2023-24-ൽ 4749 കോടി രൂപയും ശുപാർശ ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി ലഭിച്ച 19891 കോടി രൂപയെ അപേക്ഷിച്ച് 6717 കോടി രൂപയുടെ കുറവ് 2022-23 വർഷത്തിലും 15142 കോടി രൂപയുടെ കുറവ് 2023-24 വർഷത്തിലും ഉണ്ടാകും. 2024-25 വർഷത്തിൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിനത്തിൽ തുക ശുപാർശ ചെയ്തിട്ടില്ല |
| (ബി) | സംസ്ഥാനത്തിന്റെ നികുതി നിർണ്ണയാധികാരത്തിന്റെ സുപ്രധാന പങ്ക് ജി.എസ്.ടി. യിലൂടെ കവരുകയും ധനകാര്യ കമ്മീഷൻ തീർപ്പനുസരിച്ച് സംസ്ഥാനത്തിന് ലഭിക്കേണ്ട തുകയിൽ ഇടിവ് വരുത്തുകയും ചെയ്തുകൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയത്തിനെതിരെ പ്രതിഷേധം ഉയർത്തുമോയെന്നു വ്യക്തമാക്കാമോ; | (ബി) | 14-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2.5% നൽകി വന്നിരുന്ന നികുതി വിഹിതം 15-ാം ധനകാര്യ കമ്മീഷന്റെ ആദ്യ വർഷത്തിൽ (2020-21)-ൽ 1.943 ശതമാനമായും തുടർന്നുള്ള വർഷങ്ങളിൽ (2021-2026) അത് 1.925% മായും കുറച്ചിട്ടുണ്ട്.<br><br>ജി.എസ്.ടി നിയമം നടപ്പിൽ വരുത്തിയപ്പോൾ സംസ്ഥാനങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം പരിഹാരിക്കുന്നതിനായി 2017 ജൂലൈ മുതൽ അഞ്ച് വർഷത്തേക്ക് കോമ്പൻസേഷൻ നൽകിവന്നിരുന്നതിന്റെ കാലാവധി 2022 ജൂൺ 30-ന് അവസാനിച്ചു. എന്നാൽ കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് ജി.എസ്.ടി കോമ്പൻസേഷൻ നൽകിവന്നിരുന്നത് തുടരുന്നതിനുവേണ്ടിയുള്ള ആവശ്യം കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ജി.എസ്.ടി കൗൺസിലിൽ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അനുകൂലമായ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | സാമ്പത്തിക പ്രതിസന്ധിക്കിടയിലും വാർഷിക പദ്ധതി നിർവ്വഹണത്തിൽ ലക്ഷ്യമിട്ടതിനേക്കാൾ നേട്ടം കൈവരിക്കാൻ സാധിച്ചോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഓരോ വാർഷിക പദ്ധതിയിലെയും വിവിധ മേഖലകൾക്ക് അർഹമായ പ്രാധാന്യം നൽകി പദ്ധതികൾക്ക് ആവശ്യമായ തുക വകയിരുത്തി വരുന്നു. 2021-22 സാമ്പത്തിക വർഷം 27610 കോടി രൂപ വകയിരുത്തിയിരുന്നു. ഈ ഇനത്തിൽ 27872.46 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് (പ്ലാൻ സ്പേസ്). ഇത് പദ്ധതി അടങ്കലിനേക്കാൾ കൂടുതലാണ്. |

സെക്ഷൻ ഓഫീസർ